ആ ചർച്ച വളരെ ഫലവത്തായിത്തീരുമെന്ന പ്രതീക്ഷയാണ് കേരള ഗവൺമെന്റിനുള്ളത്. ഏതായാലും ഈ പദ്ധതി നല്ല നിലയിൽ കൊണ്ടുപോകുന്നതിന് സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന എല്ലാ പരിശ്രമങ്ങളും നടത്തുന്നതാണ്.

(5) സാംസ്ക്കാരിക സർവ്വകലാശാല സ്ഥാപിക്കാൻ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിൽ ഒരു സാംസ്ക്കാരിക സർവ്വകലാശാല സ്ഥാപിക്കണമെന്നുള്ള മുറവിളി ഒരുപാട് നാളായി കേൾക്കുന്നുണ്ട്. കേരള കലാമണ്ഡലം കേന്ദ്രമാക്കി ഒരു സാംസ്ക്കാരിക സർവ്വകലാശാല ആരംഭിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ കലയെയും സംസ്ക്കാരത്തെയും പരിപോഷിപ്പിക്കാനും വളർത്തിയെടുക്കാനും ഒരു സാംസ്ക്കാരിക സർവ്വകലാശാല കേരളത്തിൽ അനിവാര്യമാണ്. അങ്ങേയ്ക്ക് അറിയാവുന്നതും അങ്ങ് താൽപ്പര്യമെടുത്തിട്ടുള്ളതുമായ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയ്ക്കും അറിയാവുന്നതാണ്. കേരള കലാമണ്ഡലം കേന്ദ്രമാക്കി നമ്മുടെ സംസ്ഥാനത്ത് ഒരു സാംസ്ക്കാരിക സർവ്വകലാശാല ആരംഭിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: മന്ത്രി മറുപടി പറയുന്നതിന് മുമ്പ് ഒരു കാര്യം പറയാനുണ്ട്, കഥകളിയുടെ കാര്യത്തിൽ വേറെ യൂണിവേഴ്സിറ്റികളിലും വിദേശത്തും പോയി ഇവിടെയുള്ളവർക്ക് ഡോക്ടറേറ്റ് എടുക്കേണ്ട ഗതികേട് വളരെ കഷ്ടമാണ്. നമ്മുടെ നാട്ടിൽ ഫൈൻ ആർട്ട്സ് കോളേജ് ടെക്നിക്കൽ എഡ്യൂക്കേഷന്റെ കീഴിലാണ്. ഇതെല്ലാം ഗൗരവമായി ആലോചിക്കേണ്ട കാര്യങ്ങളാണ്.

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): തീർച്ചയായും ബഹുമാനപ്പെട്ട സ്പീക്കറുടെ പിന്തുണകൂടി ഇക്കാര്യത്തിലുണ്ടാകണം. കഥകളി, കൂടിയാട്ടം, ഓട്ടൻതുള്ളൽ, മോഹിനിയാട്ടം തുടങ്ങിയ കേരളീയ പാരമ്പര്യകലകൾ ശാസ്ത്രീയമായി അഭ്യസിപ്പിച്ചുവരുന്ന സംസ്ഥാനത്തിന്റെ അഭിമാനാർഹമായ സാംസ്ക്കാരിക കേന്ദ്രമാണ് അന്തർദേശീയ പ്രശസ്തിയാർജ്ജിച്ച കേരള കലാമണ്ഡലം. വിദേശീയരടക്കം 500-ൽപ്പരം വിദ്യാർത്ഥികൾ ഗുരുകുല സമ്പ്രദായമനുസരിച്ച് ഇവിടെ കലാപഠനം നടത്തുന്നു. കലാപഠനത്തോടൊപ്പം പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള എസ്.എസ്.എൽ.സി. വരെയുള്ള ഹൈസ്ക്കൂൾ പഠനവും പ്ലസ് ടു കോഴ്സും ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തുകൊണ്ടുള്ള ബിരുദ കോഴ്സും അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കോഴ്സുകൾ നടത്തിക്കൊണ്ട് പോകുന്നതിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉൾപ്പെടെ ഒട്ടേറെ പരിമിതികൾ കലാമണ്ഡലത്തിനുണ്ട്. കലാമണ്ഡലത്തിൽ നിന്നുള്ള ബിരുദ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്നത് വിദ്യാർത്ഥികളേയും നിരാശരാക്കുന്നുണ്ട്. കേരള കലാമണ്ഡലത്തെ കൽപ്പിത സർവ്വകലാശാലയാക്കാനുള്ള നിർദ്ദേശം മുമ്പ് യു.ജി.സി.-ക്ക് സമർപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകരുടെ അക്കാഡമിക് യോഗ്യതക്കുറവും ദേശീയ കലകളെ പരിപോഷിപ്പിക്കുന്നില്ല എന്നതും ചൂണ്ടിക്കാണിച്ച് യു.ജി.സി. ഈ നിർദ്ദേശം നിരാകരിച്ചു. അതേസമയം ഇവിടെ പഠിച്ചവർ ശാന്തിനികേതൻ പോലുള്ള സ്ഥാപനങ്ങളിൽ അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്നുമുണ്ട്. ഒരു സർവ്വകലാശാലയായി ഉയർത്താനുള്ള ഭൗതിക സാഹചര്യങ്ങളും കലാമണ്ഡലത്തിൽ ഏറെക്കുറെ നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മഹാകവി വള്ളത്തോൾ സ്ഥാപിച്ച കേരള കലാമണ്ഡലം കേന്ദ്രമാക്കി ഒരു സാംസ്ക്കാരിക സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യമായിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുവരുന്നു.

(6) സബ് ഇൻസ്പെക്ടർ എ. ആർ. സന്തോഷ്കുമാറിന്റെ ദുരൂഹമരണം

ശ്രീ. സ്റ്റീഫൻ ജോർജ്: കാസർഗോഡ് വെള്ളരിക്കുണ്ട് സബ് ഇൻസ്പെക്ടറായിരുന്ന എ. ആർ. സന്തോഷ്കുമാർ എന്റെ നിയോജകമണ്ഡലത്തിലെ പെരുവാ സ്വദേശിയായിരുന്നു. അദ്ദേഹം സബ് ഇൻസ്പെക്ടറായി ചാർജെടുത്തതിന്റെ പിറ്റേദിവസം ജനുവരി 4-ാം തീയതി രാവിലെ 12 മണിയോടുകൂടി സ്റ്റേഷന്റെ സമീപത്തുള്ള കാറളം റോഡ് സൈഡിൽ വെടിയേറ്റ് മരിച്ച നിലയിൽ കാണപ്പെട്ടു. ഞാൻ അദ്ദേഹത്തിന്റെ വീട് സന്ദർശിച്ച് ബന്ധുമിത്രാദികളുമായി സംസാരിച്ചു. കഴിഞ്ഞ ആറ് വർഷമായി അദ്ദേഹം കോൺസ്റ്റബിളായി ജോലി ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു സബ് ഇൻസ്പെക്ടറാവുക എന്നുള്ളത്. ടെസ്റ്റെഴുതി അദ്ദേഹം യോഗ്യനായി സബ് ഇൻസ്പെക്ടറായി ട്രെയിനിംഗ് കഴിഞ്ഞ് ചാർജെടുത്തതാണ്. ചാർജെടുത്തതിന്റെ പിറ്റേ ദിവസം ആത്മഹത്യ ചെയ്തു എന്നു പറഞ്ഞാൽ അതിന് ഒരു സാഹചര്യവുമില്ല. അദ്ദേഹം ആത്മഹത്യ ചെയ്തു എന്നാണ് പോലീസിന്റെ നിഗമനം. ഒരു സാഹചര്യത്തിലും ആ സബ് ഇൻസ്പെക്ടർ ആത്മഹത്യ ചെയ്യേണ്ട കാര്യമില്ല. രാത്രി 10 മണിക്ക് അദ്ദേഹം വാറന്റ് പ്രതിയെ പിടിക്കുന്നതിന് സർവ്വീസ് റിവോൾവറുമായി പുറത്തുപോയി, തിരകൾ കൊണ്ടു പോയിരുന്നില്ല. രണ്ട് മണിക്കൂർ കഴിഞ്ഞതിനുശേഷം, വെടിയേറ്റ് കാണപ്പെട്ടതിനു ശേഷം ധൃതി പിടിച്ച് അന്ന് സർവ്വീസിലുണ്ടായിരുന്ന ഹെഡ് കോൺസ്റ്റബിൾ ശ്രീ. വിജയകുമാർ 5 തിരകൾ സബ് ഇൻസ്പെക്ടർ കൊണ്ടുപോയി എന്ന് രജിസ്റ്ററിൽ എഴുതിച്ചേർത്തു. ആ ഹെഡ് കോൺസ്റ്റബിളിനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അത് തെറ്റായിരുന്നു എന്ന് തെളിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ ഇത് പ്രത്യേകമായ ദുരൂഹ സാഹചര്യമാണ്. ഒരിക്കലും ഇത് ആത്മഹത്യയല്ല; കൊലപാതകമാണെന്ന് സംശയിക്കപ്പെടുന്നു. അതുകൊണ്ട് സത്യം പുറത്തുകൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ കേസ് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്നുണ്ടെങ്കിലും സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly